# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3210 | 07.11.2019-ന് മറുപടിയ്ക്ക് |
|---|---|

## പാറശ്ശാല മണ്ഡലത്തിലെ സ്ഥലമേറ്റെടുപ്പ് നടപടി

| ചോദ്യം<br>ശ്രീ സി.കെ. ഹരീന്ദ്രൻ | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | അമരവിള-ഒറ്റശേഖരമംഗലം റോഡ്, കടുവീട്ടുകടവ് പാലം, ആയയിൽ-മുള്ളറുവിള പാലം എന്നിവയുടെ നിർമ്മാണ ത്തിനായുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ ഏതുഘട്ട ത്തിലാണ് എന്ന് അറിയിക്കാമോ; | (എ) യും (ബി) യും | **അമരവിള-ഒറ്റശേഖരമംഗലം റോഡ്**<br>തിരുവനന്തപുരം ജില്ലയിൽ കീഴാറൂർ, പെരുങ്കടവിള, കൊല്ലയിൽ, നെയ്യാറ്റിൻകര വില്ലേജുകളിൽ ഉൾപ്പെട്ട 86.125 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 24/04/2018-ലെ സ.ഉ (സാധാ) നം.1487/2018/റവ പ്രകാരം അനുമതി നൽകിയിട്ടുള്ളതും എസ്.ഐ.എ പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.<br>**കടുവീട്ടുകടവ് പാലം**<br>തിരുവനന്തപുരം ജില്ലയിൽ ഒറ്റശേഖരമംഗലം, കള്ളത്തുമ്മൽ വീരണകാവ് വില്ലേജുകളിൽ ഉൾപ്പെട്ട 94.00 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 26/3/2018-ലെ സ.ഉ (സാധാ) നം.1107/2018/റവ പ്രകാരം ലഭ്യമായിട്ടുള്ളതും എസ്.ഐ.എ പഠനം നടത്തുന്നതിന് പ്ലാനറ്റ് കേരളയെ നിയമിച്ച് 4(1) വിജ്ഞാപനം 30/07/2019-ൽ പുറപ്പെടുവിച്ചിട്ടുള്ളതു മാണ്. എസ്.ഐ.എ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.<br>**അമരവിള മുള്ളറവിള ആയയിൽപാലം**<br>തിരുവനന്തപുരം ജില്ലയിൽ പെരുമ്പഴുതൂർ, പെരുങ്കടവിള വില്ലേജുകളിൽ ഉൾപ്പെട്ട 69 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി 12/11/2018-ലെ സ.ഉ (സാധാ) നം.4692/2018/റവ പ്രകാരം ലഭ്യമായിട്ടുള്ളതും പൊന്നുംവില ആഫീസറായി സ്പെഷ്യൽ തഹസീൽദാർ പി.ഡബ്ല്യൂ.ഡിയെ നിയമിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ്ജ് ലഭിക്കുന്ന മുറയ്ക്ക് എസ്.ഐ.എ പഠനം നടത്തുന്നതിനായുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ സ്ഥലമേറ്റെടുപ്പ മായി ബന്ധപ്പെട്ട നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കി നൽകാ നാകും എന്ന് അറിയിക്കാമോ; | | |
| (സി) | പാറശ്ശാല നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ പാതയോരങ്ങളിലെ പുറമ്പോക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതി നായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | പൊതുമരാമത്ത് വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള പാതയോരങ്ങളിലെ പുറമ്പോക്ക് ഒഴിപ്പിക്കുന്നതിനുള്ള അധികാരം പ്രസ്തുത വകുപ്പുകളിലെ അധികാരികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കേരള ഭൂസംരക്ഷണ നിയമം പ്രകാരം വില്ലേജ് ഓഫീസർ എ ഫോറം തയ്യാറാക്കി നൽകുന്ന കേസുകളിൽ തഹസീൽദാർ (ഭൂരേഖ) കെ.എൽ.സി നിയമപ്രകാരമുള്ള നടപടിക്രമത്തിലൂടെ കയ്യേറ്റം ഒഴിപ്പിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ